**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3405** **26-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിലെ ട്രേഡുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. വി. അൻവർ</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിൽ നിലവിലുള്ള ട്രേഡുകളും കോഴ്സുകളും ഓരോ കോഴ്സിന്റെയും സീറ്റുകളുടെ എണ്ണവും ആകെ വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും എണ്ണവും നിലവിലുള്ള കെട്ടിട സൗകര്യങ്ങളും എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്ക് എത്ര ശതമാനമാണ് സംവരണമുള്ളതെന്നും മലപ്പുറം ജില്ലയിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്ന ഏക ഐ.ടി.ഐ. ആണോ ഇതെന്നും അറിയിക്കാമോ;</td><td>(എ)</td><td>(എ) നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിൽ നിലവിലുള്ള ട്രേഡുകളും സീറ്റുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.
<table>
<tr><th>ട്രേഡുകൾ</th><th>സീറ്റുകളുടെ എണ്ണം</th><th>വിദ്യാർഥികളുടെ എണ്ണം</th></tr>
<tr><td>ELECTRICIAN</td><td>40</td><td>40</td></tr>
<tr><td>D/CIVIL</td><td>48</td><td>48</td></tr>
<tr><td>ELECTRONIC MECHANIC</td><td>48</td><td>48</td></tr>
<tr><td>FITTER</td><td>40</td><td>40</td></tr>
<tr><td>WELDER</td><td>40</td><td>40</td></tr>
<tr><td>TOTAL</td><td>216</td><td>216</td></tr>
</table>
ആകെ അധ്യാപകരുടെ എണ്ണം 11 ആണ്. നിലവിലുള്ള ട്രേഡുകൾ നടത്തുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ ഐ.ടി.ഐ യിൽ ഉണ്ട്. SC, ST വിഭാഗങ്ങൾക്ക് 40% വീതമാണ് സംവരണം. മലപ്പുറം ജില്ലയിൽ വകുപ്പിന് കീഴിൽ SC/ST വിഭാഗത്തിന് മുൻഗണന നൽകുന്ന ഏക സ്ഥാപനമാണ് നിലമ്പൂർ ഐ.ടി.ഐ.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഐ.ടി.ഐ.യിൽ നിലവിൽ ക്ലാസ് റൂമുകൾ ഒഴിഞ്ഞു കിടക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഐ.ടി.ഐ.യിലെ ഹോസ്റ്റലുകളുടേയും അനുബന്ധ സൗകര്യങ്ങളുടേയും വിശദാംശവും കോഴ്സുകൾക്ക് ആനുപാതികമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ;</td><td>(ബി)</td><td>(ബി) നിലമ്പൂർ ഐ.ടി.ഐ യിൽ നിലവിൽ ക്ലാസ് റൂമുകൾ ഒഴിഞ്ഞു കിടക്കുകയോ ഉപയോഗിക്കാതിരി ക്കുകയോ ചെയ്യുന്നില്ല. ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും ഹോസ്റ്റലുകൾ പ്രവർത്തന സജ്ജമാണ്. വാർഡൻ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ പെൺ കുട്ടികളുടെ ഹോസ്റ്റൽ തുറന്നു നൽകിയിട്ടില്ല. നിലവിലുള്ള കോഴ്സുകൾക്ക് ആനുപാതികമായ പശ്ചാത്തലസൗകര്യങ്ങളുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ പ്രസ്തുത ഐ.ടി.ഐ.യിൽ ഏതെങ്കിലും ട്രേഡുകൾ പുതുതായി ആരംഭിക്കാൻ കഴിയുമോ; ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (സി) | **(സി)** സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ നിലമ്പൂർ ഐ.ടി.ഐ.യിൽ ട്രേഡുകൾ പുതുതായി ആരംഭിക്കാൻ കഴിയില്ല. ഇതിലേക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത ഐ.ടി.ഐ.യിൽ ഏതെങ്കിലും സ്വകാര്യ കോഴ്സുകളോ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളോ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏത് ഏജൻസിക്കാണ് കോഴ്സ് നടത്തുന്നതിന് ചുമതലയുള്ളതെന്നും ഇതിനായുള്ള നടപടിക്രമങ്ങളും അറിയിക്കാമോ; | (ഡി) | **(ഡി)** കേന്ദ്ര പദ്ധതിയായ "അപ്ഗ്രഡേഷൻ ഓഫ് 1396 ഗവൺമെന്റ് ഐടിഐസ് ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്"പദ്ധതിയുടെ ഭാഗമായി ഐ.ടി.ഐയിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മറ്റി (IMC) ഇൻകം ജനറേഷന്റെ ഭാഗമായി കോഴ്സുകൾ നടത്തുന്നുണ്ട്. നിലവിൽ നൈപുണ്യ, സ്റ്റെപ്സ്, വൈബ്രന്റ് എന്നീ ഏജൻസികളുമായി ചേർന്നാണ് കോഴ്സുകൾ നടത്തുന്നത്. ഏജൻസികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ IMC കമ്മിറ്റി മീറ്റിങ്ങിൽ ചർച്ച ചെയ്ത് സ്ഥാപനത്തിന് അനുയോജ്യമായത് തെരഞ്ഞെടുത്താണ് അനുമതി നൽകുന്നത്. |
| (ഇ) | പ്രസ്തുത ഐ.ടി.ഐ.യിൽ ഇനിയും പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിന് സാധിക്കുമോ; അറിയിക്കാമോ ? | (ഇ) | **(ഇ)** പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ